# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം

## ജൈവവൈവിധ്യ സെമിനാർ/ശിൽപ്പശാല/സിമ്പോസിയം- സാമ്പത്തിക സഹായത്തിനുള്ള നിബന്ധനകൾ

1. സെമിനാർ/ശിൽപ്പശാല/സിമ്പോസിയം എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ഭാഗിക സാമ്പത്തിക സഹായമാണ് ലഭ്യമാക്കുന്നത്.
2. ഏകദിന സെമിനാർ/ ശിൽപ്പശാല/സിമ്പോസിയത്തിന് പതിനായിരം രൂപയും ദ്വിദിന സെമിനാർ/ശിൽപ്പശാല/സിമ്പോസിയത്തിന് ഇരുപതിനായിരം രൂപയും ആണ് പരമാവധി ലഭിക്കുക
3. ഒരു സ്ഥാപനത്തിൽ നിന്നും ഒരു പ്രൊപ്പോസൽ മാത്രമേ സ്വീകരിക്കൂ.
4. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടികളാണ് ഉൾപ്പെടുത്തേണ്ടത്. ഉദാഃ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട ദിനാഘോഷങ്ങൾ, ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും, ജലം/വായു/മണ്ണ് സംരക്ഷണം, അധിനിവേശ ജീവജാലങ്ങൾ, ആവാസവ്യവസ്ഥാ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനകാലത്തെ വികസനം മുതലായവ.
5. പരിപാടിയുടെ ബ്രോഷർ, ബാനർ പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ കെ.എസ്.ബി.ബി.യുടെ പേരും, ലോഗോയും ഉൾപ്പെടുത്തേണ്ടതാണ്.
6. കെ.എസ്.ബി.ബി. ബോർഡ് അംഗങ്ങളെയോ, സംസ്ഥാനതല/ ജില്ലാതല ഉദ്യോഗസ്ഥരെയോ പരിപാടിയിൽ ഉൾപ്പെടുത്തുകയോ, വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്.
7. സംഘടിപ്പിക്കുന്ന പരിപാടിയിൽ ഏറ്റവും കുറഞ്ഞത് 50 പേരുടെയെങ്കിലും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.
8. ഓണറേറിയം, ബാനർ, ബ്രോഷർ, രജിസ്ട്രേഷൻ മെറ്റീരിയൽസ്, ലഘു ഭക്ഷണം, സർട്ടിഫിക്കറ്റ്, പരിപാടി സംബന്ധിയായ റിപ്പോർട്ട്/ബുക്ക്സ്/പ്രസിദ്ധീകരണങ്ങൾ/ ഫോട്ടോ ഡോക്യൂമെന്റേഷൻ എന്നീ ഇനങ്ങൾക്കായി തുക വിനിയോഗിക്കാവുന്നതാണ്.
9. പരിപാടിയുടെ ഫോട്ടോകൾ അടക്കമുള്ള റിപ്പോർട്ടും, പങ്കെടുത്തവരുടെ രജിസ്ട്രേഷൻ വിവരങ്ങളും, ധനവിനിയോഗ സാക്ഷ്യപത്രവും (Statement of Expenditure & Utilization Certificate), സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് എന്നിവ പരിപാടി നടന്ന് 14 ദിവസത്തിനുള്ളിൽ ബോർഡിന് സമർപ്പിക്കേണ്ടതാണ്. തുടർന്ന് പ്രസ്തുത വിവരങ്ങൾ പരിശോധിച്ച ശേഷം പണം അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്.